ആരംഭത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ട് ആ സാമ്പത്തികവർഷംതന്നെ വിനിയോഗിക്കുന്നതിന് പല പരിമിതികളുമുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഇത്തരത്തിലുള്ള വിവിധ പദ്ധതികളുടെ ഫണ്ട് ഒരു ശീർഷകത്തിൽ വകയിരുത്തിയാൽ അതിൽ നിന്നും ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യാനുസരണം ഫണ്ട് വിനിയോഗിക്കാൻ കഴിയും.

(സി) വൻകിട പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനം ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) വിവിധ വകുപ്പ് തലവൻമാരുടെ നിർദ്ദേശം പരിഗണിച്ച് സംസ്ഥാന ആസൂത്രണ ബോർഡാണ് ആവശ്യമായ ഫണ്ട് വകയിരുത്തുന്നത്. ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ ചുമതലയിലാണ്. ഓരോ പദ്ധതിയ്ക്കും ഒരു ലക്ഷം രൂപ വീതം ബന്ധപ്പെട്ട മേഖലകളിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തി ഉപയോഗ വ്യവസ്ഥ വിശദമാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയ്ക്കും ആവശ്യമായി വരുന്ന തുക മൊത്തത്തിലുള്ള തുകയിൽ നിന്നും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അനുസരിച്ച് ധനകാര്യ വകുപ്പ് നൽകുന്നതാണ്. ഈ ഫണ്ടിന്റെ വിനിയോഗത്തിനായി താഴെപ്പറയും പ്രകാരം ഒരു ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ചെയർമാൻ

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് - മെമ്പർ

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ

സെക്രട്ടറി, വ്യവസായ വകുപ്പ് - മെമ്പർ

സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ

സെക്രട്ടറി, സ്പോർട്സ് & യുവജനകാര്യ വകുപ്പ് - മെമ്പർ

സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ

ബന്ധപ്പെട്ട വകുപ്പ് തലവൻമാർ - പ്രത്യേക ക്ഷണിതാക്കൾ

മിഷൻ 676 പദ്ധതി ചാലക്കുടി മണ്ഡലത്തിൽ

6 (7303) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിഷൻ 676 പദ്ധതിയുടെ ഭാഗമായി ഗ്രാമവികസനം, ആസൂത്രണം, സാംസ്കാരികം എന്നീ വകുപ്പുകളുടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly